
# ഡിജിറ്റൽ മാഗസിൻ

## ചിരാത്

### ഗുഹാനന്ദപുരം എച്ച്.എസ്.എസ്
### ചവറ സൗത്ത്



# ഗുഹാനന്ദപുരം എച്ച് എസ് എസ്



**ബ്രഹ്മശ്രീ ഷൺമുഖദാസ് സ്വാമികൾക്ക മുന്നിൽ പ്രണാമങ്ങളോടെ...........**

വർണ്ണങ്ങളുടെ വസന്തമാണ് കുട്ടിക്കാലം.
സ്വപ്നങ്ങളുടെ മായാലോകത്ത് അതിരുകളില്ലാത്ത ചക്രവാള
സിരകളിലേക്ക് ഉയരുന്ന  ബാലമനസ്സുകൾ,ഭാവികാലത്തിന്റെ സംസ്കാരം
കുറുപ്പുകൾക്കിടയിൽ കൈയ്യൊപ്പുചാർത്തേണ്ടവരാണ് ഇവർ.
"ഉദാത്തമായ കലാസൃഷ്ടികൾ"എന്നവകാശപ്പെടാൻ ആവില്ലെങ്കിലും
നവമുകുളങ്ങളുടെ സർഗ്ഗവ്യാപാരത്തിന്റെ ഒരു അടയാളം സവിനയം
വായനക്കാർക്ക് മുമ്പിൽ
ഞങ്ങൾ സമർപ്പിക്കുന്നു....................

# ഉള്ളടക്കം


| | | |
|---|---|---|
| 1 | **കവിത** | AKSHARA A. S |
| 2 | **കഥ** | ANANYA LAL .D |
| 3 | **കവിത** | SREERAJ .P |
| 4 | **ഉപന്യാസം** | DEVANANDHA .R |
| 5 | **കഥ** | ANUPAMA A |

ഗുഹാനന്ദപുരം എച്ച് എസ് എസ്






# ചിരാത്






AKSHARA A S
IX B

# പുഴയുടെ രോദനം

പുഴയേ നീ എന്തിനാണിങ്ങനെ
കണ്ണീരൊഴുക്കുന്നത് ?
മനുഷ്യർ നിന്നെ ഇല്ലാതാക്കുകയാണെന്ന
സത്യം അറിഞ്ഞിട്ടോ ?
നീ കരയരുതേ
നീ തളരരുതേ
നല്ല മനുഷ്യർ വന്ന്
നിന്നെ പുനരുജ്ജീവിപ്പിക്കും
നിന്റെ രോദനം കേൾക്കുമ്പോൾ
എൻ മനസ്സ് പിടയുന്നു .
എന്ത് ദയനീയാവസ്ഥയിലാണ് നീ
നീ ഒരു സുന്ദരിയായി ഒഴുകിയ
പകലുകളും രാവുകളും ഓടി
മറഞ്ഞെന്നോ ?
നീ എന്ത് തെറ്റ് ചെയ്തു

ഈ മനുഷ്യകുലത്തിനോട്
നീ തെളിനീരൊഴുക്കിയതോ
തെറ്റായിപ്പോയത് ?
നീ ദാഹജലം നൽകിയതാണോ
അവരുടെ പ്രശ്നം?
നീ സുന്ദരിയായിരിക്കുമ്പോൾ
അവർക്കതൊട്ടും സഹിക്കുന്നില്ലേ?
നിൻ രോദനം ഒരിക്കൽ നിലയ്ക്കും
അത് എനിക്കുറപ്പാണ് .
ആ നല്ല മനുഷ്യർ
ഉടനെ വരും
നിൻ സങ്കടം അകറ്റി
നിന്നെ അവർ സന്തോഷവതിയാക്കും
നീ ഒരു മേനകയാകും :
നിന്റെ കൂടെ ആരുമില്ലെന്നോർത്തോ
നീ തളരുന്നു?
കൂട്ടുകാരി നിന്നുടെ കൂടെ നിൽക്കാൻ
ഈ ഞാനുണ്ട്.
ഞാനും നിന്റെ കണ്ണീരൊപ്പും
നിന്റെ അമ്മപ്പുഴയെ കാണാത്ത
വേദനയും നിന്റെ ഉള്ളിൽ
നീറുന്നുണ്ടല്ലോ?
നിന്റെ കഷ്ടകാലമാണിപ്പോൾ
എങ്കിലും നല്ലത് വരുവാൻ നീയും
കാത്തിരിക്കു പുഴയെ
സന്തോഷമായിരിക്കു നീ കുട്ടിപ്പുഴയെ
ഒറ്റയ്ക്കിരിക്കുമ്പോൾ നിനക്ക് വിഷമം
തോന്നുന്നുണ്ടോ?
എങ്കിലും നിന്റെ കൂട്ടുകാരി പുഴകൾ
നിന്നെ കാണാൻ ഉടനെ വരും
കാരണം അവരും വീണ്ടുമൊഴുകും .
നിൻ രോദനം ഒരു സങ്കടപ്പാട്ടായി
എൻ കാതിൽ വന്നു പതിക്കുന്നു .
എത്ര ചിരിച്ചു കളിച്ചിരുന്നു നീ .
ഇപ്പോൾ നിന്റെ സ്ഥിതി ഇതായല്ലോ
ഞാൻ നിനക്ക് ആശംസ നേരാം
നല്ല പുലരി വന്ന് നിന്നെ തഴുകുമ്പോൾ
അന്ന് ഞാനും അതുകണ്ട്
കൺ കുളിർക്കുമല്ലോ .
നിന്റെ രോദനം നിലയ്ക്കുമല്ലോ പുഴയേ.







# സാന്ത്വനം

ANANYA LAL ,VI A

പണ്ട് ഒരു കാലത്ത്.ഒരു ഗ്രാമത്തിലെ ധനികനായ ഒരു രാമുവും അദ്ദേഹത്തിന്റെ കുടുംബവും ജീവിച്ചിരുന്നു.അദ്ദേഹത്തിന് അദ്ദേഹത്തിന്റെ ഭാര്യയെ ഒട്ടും വിശ്വാസമില്ലായിരുന്നു.അദ്ദേഹം വളരെ നന്നായി അധ്വാനിച്ച് കൃഷി നടത്തിയായിരുന്നു ഇത്രയും സമ്പാദിച്ചത്.

എന്നാൽ അദ്ദേഹത്തിന് ഇത്രയും സമ്പാദ്യം വന്നതിനാൽ അദ്ദേഹം കൃഷിയെ ഉപേക്ഷിച്ചു .ഇത്രയും പണം സമ്പാദിച്ചതോടെ അദ്ദേഹത്തിന്റെ മനസ്സിൽതാനാണ് വലിയവൻ തന്നെ തോൽപ്പിക്കാൻ ഇവിടെ ആരുമില്ല എന്ന ചിന്തകളായിരുന്നു.അദ്ദേഹത്തിന്റെ പണം അയാളെ അത്യാഗ്രഹിയും അഹങ്കാരിയുമാക്കിമാറ്റി.ഇങ്ങനയാണ് അയാൾക്ക് ഭാര്യയെപ്പോലും വിശ്വാസമില്ലാതായത്.

എന്നാൽ ഒരിക്കൽ ആ ഗ്രാമത്തിൽ ഒരു കള്ളന്മാരുടെ സംഘമെത്തി.എന്നാൽ അദ്ദേഹത്തിന് ഒരു ഭയവുമുണ്ടായിരുന്നില്ല.ഒരു ദിവസം ഈ ധനികനായ വ്യക്തിയുടെ വീട്ടിലും ആ കള്ളന്മാർ എത്തി.ഇവർ വന്ന സമയത്ത് അയാൾ വീട്ടിലില്ലായിരുന്നു.ഒരു രൂപ നാണയം പോലും ബാക്കി വക്കാതെ എല്ലാം കട്ടു .

ഈ സമയത്ത് സാന്ത്വനിപ്പിക്കുന്ന വാക്കുകളുമായി അദ്ദേഹത്തെ ആശ്വസിപ്പിച്ചതും അദ്ദേഹത്തിന്റെ സങ്കടം അകറ്റിയതും അദ്ദേഹത്തിന്റെ ഭാര്യയാണ്.എല്ലാവരെയും വിശ്വസിക്കാതിരിക്കരുത് ,
നമ്മുടെ വിഷമം അകറ്റാനും ഭൂമിയിൽ ഓരോരുത്തർ
കാണും.



POEM

# SOLITUDE



People always say I’ve weird attitude.
But they don’t really know my solitude.
They just keep looking for my innocence.
I just keep hiding with my loneliness.
I’m the one cactus standing in a desert.
They don’t realise my dreadful effort.
I don’t have true friends.
Everyone go beyond the trends.
I feel like I am Pluto,
And friends as other planets.
I always do wiping up my tears
and nobody’s there to avoid my fears.
I am always stuck in darkness.
My bright sides are just fadeness.
I keep looking for light,
but I can,t find a sight.
My mind is spinning like a fan.
I am lonely fish in a pan.
No one,s around me when
I am in a trouble
My tears always roll but,
No one,s there to wipe it out.

SREERAJ P
IX B



ഉപന്യാസം

## പ്രകൃതിസംരക്ഷണം യുവതലമുറയിൽ



DEVANANDHA R
X B



മനുഷ്യജീവിതത്തിലെ ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ് പ്രകൃതി എന്നത്.മനുഷ്യജീവന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന ഒരു ഘടകമാണ് പ്രകൃതി.ഇന്നത്തെ നമ്മുടെ നിത്യജീവിതത്തിൽ 'പ്രകൃതി സംരക്ഷണം' എന്നതിന് ആവശ്യമായ പരിഗണന ലഭിക്കാതെ പോകുന്നതിന്റെ കാരണം മനുഷ്യനും പ്രകൃതിയും രണ്ടാണ് എന്ന ചിന്തയാണ്. ഉദാഹരണത്തിന് ഒട്ടുമാവ് വളർത്തുന്നതിൽ ഒട്ടിക്കൽ എന്ന പ്രവൃത്തി ചെയ്യുന്നത് മനുഷ്യനാണെങ്കിലും അത് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നത് സ്വയമാണ്.പ്രകൃതിയെ ആശ്രയിച്ച് ജീവിക്കുന്നവർ തന്നെയാണ് നാമോരോരുത്തരും.അങ്ങനെയുള്ള പ്രകൃതിയെ സംരക്ഷിക്കേണ്ടത് യുവതലമുറയുടെ ആവശ്യകത കൂടിയാണ്.നാം ചെയ്യുന്ന പ്രവൃത്തികളുടെ ഫലം തന്നെയാണ് പ്രകൃതിയിലൂടെ നമുക്ക് ലഭിക്കുന്നത്.മനുഷ്യന്റെ അധ്യാനത്തിന്റെ ഫലമായാണ് മണ്ണിൽ വിളകൾ ഉണ്ടാകുന്നത്.എന്നാൽ ഇതേ മനുഷ്യന്റെ തെറ്റായ പ്രവൃത്തി മൂലമാണ് പ്രകൃതിശോഭങ്ങൾ ഉണ്ടാകുന്നത്.പ്രകൃതിയിൽ ഉണ്ടാകുന്ന നഷ്ടം,അത് മനുഷ്യർ സൃഷ്ടിച്ച് അവർ തന്നെ അനുഭവിക്കുന്നതാണ്.മലിനമായ തടാകങ്ങൾ,പുഴകൾ,കുനകൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ

എന്നിവയെല്ലാം ഈ പ്രകൃതിയെ മനുഷ്യൻ നശിപ്പിക്കുന്നതിന്റെ അടയാളങ്ങളാണ്. ആർട്ടിഫിഷൽ ഇന്റെലിജൻസ് ഉൾപ്പടെ പലതര സാങ്കേതികവിദ്യകളും ഉയർന്നുവരുന്ന ഈ കാലഘട്ടത്തിൽ മനുഷ്യൻ മറന്നുപോയ ഒന്ന് അത് അവന്റെ നിലനിൽപ്പുതന്നെയാണ്.എന്തെല്ലാം സവിശേഷതകൾ ഉണ്ടെങ്കിലും അത് ഉപയോഗ പ്രതമാക്കാൻ മനുഷ്യനുണ്ടാവണമെങ്കിൽ പ്രകൃതി നിലനിൽക്കണം.നേരം പുലരും മുതൽ മൊബൈൽ ഫോണിൽ മാത്രം കണ്ണെടുക്കാതെ നോക്കിയിരിക്കുന്ന തലമുറയാണ് ഇന്നത്തേത്.അതിലൂടെ ചെടികൾ നട്ടുപിടിപ്പിക്കുന്നതോ നനയ്ക്കുന്നതോ ആയ ശീലങ്ങൾ അവരിൽ നിന്നു പൂർണ്ണമായും വിട്ടുമാറിയിരിക്കുന്നു.ഈ ആധുനിക യുഗത്തിൽ അവർ അറിയാതെ പോകുന്നത് പ്രകൃതിയുടെ വിലമതിക്കാനാകാത്ത സ്ഥാനമാണ്. മനുഷ്യന്റെ ഓരോ ശ്വാസവും പ്രകൃതിയിലാണ് എന്ന സത്യമാണ്.ഓണം ഉൾപ്പടെ എല്ലാ ആഘോഷങ്ങളും പായ്ക്കറ്റു ഭക്ഷണങ്ങളിലെ ഓഫറുകളായി മാറിയിരിക്കുകയാണ് ഇന്ന്.മനുഷ്യൻ പ്രകൃതിയെ മറക്കുന്നതിലൂടെ അവനെ തന്നെയാണ് മറക്കുന്നത്. നട്ടുപിടിപ്പിക്കുന്ന ചെടികളുടെ എണ്ണം കുറയുന്നതിനോടൊപ്പം വെട്ടിവീഴ്ത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും
നിക്ഷേപിക്കുന്ന പ്ലാസ്റ്റിക്കിന്റെ എണ്ണവും കൂടുകയാണ് ഇന്ന്.

ഇന്ന് നാം ഉപയോഗിക്കുന്ന മിക്ക സാധനങ്ങളും പ്ലാസ്റ്റിക്കിന്റെ അകമ്പടിയോടെയാണ് നമുക്ക് ലഭിക്കുന്നത്.ഈ മാലിന്യങ്ങൾ ഒരിക്കലും മണ്ണിനോട് ജീർണിച്ച് ചേരുന്നില്ല.മണ്ണിന്റേതായ ഒരുപാട് ഗുണങ്ങളെ ഇത് നശിപ്പിക്കും.ഇന്നത്തെ തലമുറ പ്രകൃതിയെ പറ്റി ഒട്ടും ബോധവാന്മാരല്ല എന്നതിന്റെ തെളിവാണ് നാം കാണുന്ന ഓരോ മാലിന്യക്കൂമ്പാരങ്ങളും.കാണാം വയലുകളും,ചതിപ്പുകളും നിരത്തി മനുഷ്യൻ ആകാശം മുട്ടും വിധത്തിൽ ഫ്ലാറ്റുകൾ പണികഴിക്കുന്നു.
ഇതിലൂടെ പ്രകൃതിയിലെ വിലപിടിപ്പുള്ള പലതും നമുക്ക് നഷ്ടപ്പെടുന്നു.ഇത്തരത്തിലുള്ള പലതും നമുക്ക് വേണ്ടി മാത്രമുള്ളതല്ല,ഇനിയും ഒരുപാട് തലമുറകൾക്ക് ജീവിക്കാൻ വേണ്ടിക്കൂടിയുള്ളതാണ് ഈ ഭൂമി.അവരുടെ അവകാശം തന്നെയാണ് അത്.അതു നിഷേധിക്കുകയാണ് ഭൂമിയെ ഇല്ലാതാക്കുന്നതിലൂടെ നമ്മൾ.
കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും,
നിലനിൽക്കുന്ന വൃക്ഷങ്ങളെയും സസ്യങ്ങളെയും സംരക്ഷിച്ചും നമുക്ക് പുതിയൊരു പ്രകൃതിയെ കെട്ടിപടുക്കാം.മാലിന്യങ്ങൾ നിക്ഷപിക്കാതെ അതിൽ വീണ്ടും ഉപയോഗിക്കപെടാവുന്നത് മാറ്റി വക്കുകയും മറ്റുള്ളത് വീണ്ടും ഉപയോഗപ്രതമാക്കി മാറ്റുകയും ചെയ്യുന്നതിലൂടെ സൗഹൃതമായി നമുക്ക് ജീവിക്കാം.പ്രകൃതിയെ സംരക്ഷിക്കുക എന്നത് യുവതലമുറയുടെ ആവശ്യകത തന്നെയാണ്.

കഥ

# അപ്പു

എറണാകുളം ജില്ലയിലെ ഏലൂർ എന്ന ഗ്രാമത്തിലെ ഒരു കൊച്ചുകുട്ടിയാണ് അ
ചെറുപ്രായത്തിൽ തന്നെ അവൻ ഭൂമിയോടിണങ്ങി ജീവിച്ചിരുന്നു.ഒരു ദിവ
ഗ്രാമത്തലവൻ മരങ്ങൾ വെട്ടികളയാൻ ഉത്തരവിട്ടു.ഇതറിഞ്ഞ അപ്പു ഗ്രാമത്തലവനേ
ചോദിച്ചു അങ്ങയുടെ കർത്തവ്യം എന്താണ് ? ഗ്രാമത്തലവൻ പറഞ്ഞു അതിനെന്താ
എന്റെ കർത്തവ്യം ഈ ഗ്രാമത്തെ സംരക്ഷിക്കുക

എന്നാണ് അപ്പു വീണ്ടും ചോദിച്ചു പിന്നെ എന്തിനാണ് താങ്കൾ ഈ മരങ്ങ
വെട്ടിക്കളയുന്നത് ? ഗ്രാമം എന്ന് പറയുമ്പോൾ ഈ മരങ്ങളും അതിൽ ഉൾപ്പെടില്ലെ
അങ്ങ് ഈ മരങ്ങൾ വെട്ടുകയാണെങ്കിൽ ഈ ഗ്രാമത്തിന്റെ കാര്യം കഷ്ടത്തിലാ
അതിന് ഉത്തരവാദി താങ്കൾ ആയിരിക്കും നമ്മൾ വളരാൻ ഒരുപാട് വർഷം എടുത്ത
പോലെ ആ മരങ്ങൾ വളരാനും വർഷം എടുത്തു ഞാൻ ഈ പറഞ്ഞ കാര്യങ്ങ
താങ്കൾക്ക് മനസ്സിലായെങ്കിൽ ഈ മരങ്ങൾ വെട്ടരുത് ആരെങ്കിലും മരങ്ങൾ വെട്ടാ
തീരുമാനിച്ചു എങ്കിൽ ഞാൻ അവരെ തടയുകയും ചെയ്യും.

അനുപമ.എ
VIII

